


# ദൂരക്കാഴ്ചയില്ലാത്തവർ

(ലേവ്യ 23:33 – 44; ഏശയ്യാ 28:14 – 22; 2 കൊറി 12:14 – 21; ലൂക്കാ 16:19 – 31)

ബ്ര. പ്രവീൺ പുത്തൻപുരയിൽ MCBS

Vol. 11, Issue: 11

**അ**പ്പസ്തോലന്മാരുടെ ജീവിതസാക്ഷ്യം വഴിയും രക്തസാക്ഷികളുടെ ചുടുനിണം വീണും തഴച്ചുവളർന്ന് ഫലം ചൂടിനിൽക്കുന്ന സഭയെ ധ്യാനിക്കുന്ന കൈത്താക്കാലത്തിലെ അഞ്ചാമത്തെ ആഴ്ചയിലേയ്ക്കാണ് നാം ഇന്ന് പ്രവേശിക്കുന്നത്. ഇന്നത്തെ വചനവിചിന്തനത്തിനായി സഭാമാതാവ് നൽകിയിരിക്കുന്ന വചനഭാഗം നമുക്കേവർക്കും സുപരിചിതമാണ്. വി. ലൂക്കായുടെ സുവിശേഷം 16-ാം അദ്ധ്യായത്തിൽ വിവരിക്കുന്ന ധനവാന്റെയും ലാസറിന്റെയും ഉപമ. ഇരുതല മൂർച്ചയുള്ള വാൾ പോലെയുള്ള ഉപമ എന്നാണ് വി. തെർതുല്യൻ ഇതിനെ വിശേഷിപ്പിക്കുന്നത്.

ഭൗതികസമ്പത്തിനെ എങ്ങനെ കൈകാര്യം ചെയ്യണമെന്നും അതിലുപരി മരണമെന്ന യാഥാർത്ഥ്യത്തിന്റെ വാതിലിനപ്പുറം എന്താണ് സംഭവിക്കാൻ പോകുന്നതെന്നും നമ്മെ ഓർമ്മിപ്പിക്കുന്നതാണ് ഈ സുവിശേഷഭാഗം. അതിനാൽത്തന്നെ എക്കാലത്തും ധനവാന്റെയും ലാസറിന്റെയും ഉപമയ്ക്ക് ഒരു കാലികപ്രസക്തിയുണ്ട്. കാരണം, ഭൗതികസമ്പത്തിനെ, നിത്യകൂടാരം നേടിത്തരുവാനുള്ള ഒരു ഉപാധിയാക്കണമെന്ന് ഈ സുവിശേഷഭാഗത്തിലൂടെ ഈശോ നമ്മെ പഠിപ്പിക്കുന്നു.

ബാംഗ്ലൂരിലെ എന്റെ തത്വശാസ്ത്ര പഠനകാലത്ത് പങ്കെടുത്ത ഒരു വാർഷികധ്യാനത്തിനിടയിൽ, ധ്യാനഗുരു പാപത്തെ നിർവചിക്കുന്നത് കേട്ടത് ഇപ്രകാരമായിരുന്നു: "ഒരുവന്റെ ദൂരക്കാഴ്ച നഷ്ടപ്പെടുന്നതാണ് പാപം" എന്നാണ്. ഇന്നത്തെ ഈ സുവിശേഷഭാഗത്തെയും അത്തരത്തിൽ നിർവചിക്കുകയാണ് ഉചിതമെന്നു തോന്നുകയാണ്. അതായത്, ദൂരക്കാഴ്ച നഷ്ടപ്പെട്ട ധനികനായ ഒരു വിശ്വാസിയുടെ പറുദീസാനഷ്ടത്തെക്കുറിച്ചുള്ള തേങ്ങലാണ് ഈ ഉപമ.

സ്വർഗ്ഗത്തോളം എത്തിനിൽക്കുന്ന വീക്ഷണമുള്ളവനായിരിക്കണം (ദൂരക്കാഴ്ച) ഒരു വിശ്വാസി. ഈ ലോകത്തിലെ സാഹസമൊക്കെയും അവിടേയ്ക്കെത്തിപ്പെടുവാനുള്ളതായിരിക്കണം. ഈ ഉപമയിലെ ധനവാൻ, തെരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ പ്രതീകമായിരുന്നു എന്നത് ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ്. അത് നമുക്ക് മനസ്സിലാകുന്നത് പിതാവായ അബ്രഹാത്തിനെ ധനവാൻ, 'പിതാവേ' എന്നു വിളിക്കുമ്പോൾ അബ്രാഹം തിരിച്ചുവിളിക്കുന്നത് 'മകനേ' എന്നാണ്.

ദൈവത്തിന്റെ വാഗ്ദാനമായ നിത്യരക്ഷ കൈവശപ്പെടുത്താൻ അർഹതയും അവകാശവുമുള്ള ആളായിരുന്നു ഈ ധനവാൻ. എന്നിട്ടും നരകാഗ്നിക്ക് ഇരയായി. വിദൂരതയിലുള്ള നഷ്ടസ്വർഗ്ഗത്തെ നോക്കി വിലപിക്കുന്ന ധനവാൻ, നമ്മുടെ മനഃസാക്ഷിയെ ഉണർത്താൻ ഈശോ നൽകുന്ന ഒരു താക്കീതാണിത്. ദൂരക്കാഴ്ചയില്ലാതെ ഈ ലോകത്തിലെ ജീവിതം ഇവിടം കൊണ്ടു തീരുമെന്നു കരുതി നമുക്ക് ലഭിച്ച ദൈവത്തിന്റെ കൃപാദാനങ്ങൾ നാം ചൂഷണം

ചെയ്താൽ, അവയൊന്നും നിത്യരക്ഷ നേടിത്തരാൻ നമ്മെ സഹായിക്കില്ലെന്ന് ഈ ഉപമ നമ്മെ ഓർമ്മിപ്പിക്കുന്നു.

ഈ വചനഭാഗങ്ങളിലൂടെ കടന്നുപോകുമ്പോഴൊക്കെ നമ്മുടെ മനസ്സിൽ തോന്നിയേക്കാവുന്ന ഒരു ചോദ്യമാണ്, എന്താണ് ധനവാൻ ചെയ്ത തെറ്റ്? അയാൾ ആരെയും വഞ്ചിക്കുകയോ, ചതിക്കുകയോ, പിടിച്ചുപറിക്കുകയോ, വ്യഭിചാരം ചെയ്യുകയോ ചെയ്തിട്ടില്ല. അയാൾ അയാൾക്കുള്ള വസ്തുവകകൾ മത്രമാണ് ഉപയോഗിച്ചിട്ടുള്ളതും. പിന്നെ എന്താണ് ധനവാന്റെ കുറ്റം? അതിന് ഉത്തരമറിയണമെങ്കിൽ യാക്കോബ് ശ്ലീഹായുടെ ലേഖനം 4-ാം അദ്ധ്യായം 17-ാം വാക്യം വായിക്കണം. "ചെയ്യേണ്ട നന്മ എന്താണെന്നറിഞ്ഞിട്ടും അത് ചെയ്യാതിരിക്കുന്നവൻ പാപം ചെയ്യുന്നു." ഇതാണ് ധനവാന്റെ ദുരിതത്തിനു കാരണമായ തെറ്റ്. തന്റെ വസ്തുവകകൾ ഉപയോഗിച്ചതുകൊണ്ടല്ല, തനിക്ക് ചെയ്യാമായിരുന്ന നന്മ ചെയ്യാതെ അത് അർഹതപ്പെട്ടവന് നിരസിച്ചതാണ് ധനവാന്റെ തെറ്റ്. കുനിഞ്ഞ ശിരസ്സും ഒട്ടിയ വയറുമായി നമ്മുടെ കരുണയ്ക്ക് അർഹതപ്പെട്ട് കാത്തുനിൽക്കുന്നവന് ലഭിക്കേണ്ട നീതി നമ്മൾ ഇല്ലാതാക്കരുത്. എന്ന് വചനം നമ്മെ ഓർമ്മിപ്പിക്കുന്നു.

ആദ്യവായനയിൽ ലേവ്യരുടെ പുസ്തകത്തിൽ, ദൈവം ഇസ്രായേൽ ജനത്തോട് കൽപിക്കുന്നത് നാം വായിച്ചുകേട്ടു: "ഏഴു ദിവസത്തേയ്ക്ക് നിങ്ങൾ കൂടാരങ്ങളിൽ വസിക്കണം." ദൈവത്തിന്റെ വാഗ്ദാനമനുസരിച്ച് തേനും പാലും ഒഴുകുന്ന നാട്ടിലെത്തിയ ദൈവത്തിന്റെ സ്വന്തം ജനം. തങ്ങളുടെ ജീവിതത്തിന്റെ സമൃദ്ധിയിൽ തങ്ങളെത്തന്നെ മറക്കാതിരിക്കാനും ഈജിപ്തിലെ കഠിനയാതനകളിൽ നിന്ന് തങ്ങളെ രക്ഷിച്ച ദൈവത്തിന്റെ കാരുണ്യം അനുസ്മരിക്കാനും കൂടാരങ്ങളിൽ വസിക്കുമ്പോൾ ഇടയാകും.

രണ്ടാം വായനയിൽ ഏശയ്യാ പ്രവാചകൻ പറഞ്ഞുവയ്ക്കുന്നു: "അതിനാൽ നിങ്ങൾ നിന്ദിക്കരുത്. നിങ്ങളുടെ ബന്ധനങ്ങൾ കഠിനമാകും." ഇന്നത്തെ വായനകളിലെ എല്ലാ സൂചനകളും ധനവാന്റെയും ലാസറിന്റെയും ഉപമയിലൂടെ ഈശോ കൂടുതൽ വ്യക്തമാക്കിത്തരികയാണ്. ദൈവമാണ് നമുക്ക് സർവ്വസമ്പത്തും സുഖസൗകര്യങ്ങളുമൊരുക്കുന്നത്. എന്നാൽ, അത് നമുക്കുവേണ്ടി മാത്രമുള്ളതല്ല. നമ്മുടെ ജീവിതങ്ങളുടെ പടിവാതിൽക്കൽ കിടക്കുന്ന ദരിദ്രർക്കു വേണ്ടിക്കൂടിയുള്ളതാണ് എന്ന്. ആരെയും നിന്ദിക്കാതെ എല്ലാവരും ദൈവത്തിന് പ്രിയമുള്ളവരാണ് എന്നു കരുതി ബഹുമാനിക്കണമെന്നാണ് ധനവാന്റെ പതനത്തിൽ നിന്നും നാം പഠിക്കേണ്ട ഒരു പാഠം.

കഥയിലെ ലാസറിന്റെ ജീവിതത്തിലേയ്ക്ക് വരുമ്പോൾ, അയാളുടെ പേര് പോലും 'ദൈവം സഹായിക്കുന്നവൻ' എന്നർത്ഥം വരുന്നതാണ്. വേറെ യാരും അവനെ സഹായിക്കുവാനായി ഈ ഭൂമിയിലില്ലായിരുന്നുവെന്ന് വചനം സാക്ഷ്യപ്പെടുത്തുന്നു. ലാസറിന്റെ ഒരു പ്ലസ് പോയിന്റ് ആയി ഈ ഉപമയിൽ കാണുന്നത്, അയാൾ ആരെയും കുറ്റപ്പെടുത്തുകയോ, പഴി പറയുകയോ ചെയ്യുന്നില്ല. വ്രണങ്ങൾ നക്കാൻ വന്ന നായ്ക്കളെയൊട്ട് ആട്ടിയോടിക്കുന്നുമില്ല. തന്റെ ദുരിതങ്ങളെ ഒരു ശാപമായിക്കാണുകയോ, ദൈവത്തെ തള്ളിപ്പറയുകയോ ചെയ്തില്ല. ധനവാന്റെ അവഗണനയ്ക്കെതിരായി അയാൾ പ്രകടനം നടത്തി അവകാശം നേടിയെടുക്കാൻ ശ്രമിച്ചതുമില്ല. ഒരുപക്ഷേ, നിത്യരക്ഷയെക്കുറിച്ചുള്ള ദൂരക്കാഴ്ച ഉള്ളതുകൊണ്ടായിരിക്കണം നശ്വരമായ ഈ ലോകത്തിലെ സഹനങ്ങൾ അയാളെ തളർത്താതിരുന്നത്.

പ്രതികൂല സാഹചര്യങ്ങളിൽ മനസ്സ് അസ്വസ്ഥതയുടെ മൂടുപടങ്ങളിൽപ്പെട്ട് വല്ലാതെ ഒറ്റപ്പെട്ടുപോകുമ്പോൾ നമുക്ക് ഈ ലാസറിനെ മാതൃകയാക്കാം. പ്രതിസന്ധികളിൽ തളരാതെ ദൈവത്തിന്റെ കൃപയ്ക്കും കരുണയ്ക്കും വേണ്ടി കാത്തുനിൽക്കാൻ നമുക്ക് കഴിയട്ടെ. ഇന്ന് ഈ ഉപമയെക്കുറിച്ച് ചിന്തിക്കുമ്പോൾ നമ്മുടെയുള്ളിൽ നാം രൂപപ്പെടുത്തേണ്ട ചിന്ത ഇതായിരിക്കട്ടെ. ഈ ഭൂമിയിൽ മാത്രം അവസാനിക്കേണ്ടവരല്ല നമ്മൾ. നമുക്ക് മുന്നോട്ട് ഇനിയും പോകാനുണ്ട്. സ്വർഗ്ഗത്തിലെത്തുംവരെ നമ്മുടെ യാത്രയ്ക്ക് തടസ്സമായ യാതൊന്നിനെയും കൂടെ കൂട്ടരുത്. ദൂരക്കാഴ്ചയുള്ളവരായി ജീവിക്കുമ്പോഴാണ് നമ്മുടെ ജീവിതത്തെ കൂടുതൽ ക്രമപ്പെടുത്താൻ നമുക്ക് കഴിയുന്നത്.

ദൈവമാണ് നമുക്ക് സർവ്വസമ്പത്തും ഐശ്വര്യങ്ങളും നൽകുന്നത്. അത് നമ്മൾ മറ്റുള്ളവർക്ക് പങ്കുവയ്ക്കാൻ കൂടിയുള്ളതാണ്. നമ്മുടെ ഭൗതികസമ്പത്തുകൾ നമ്മുടെ സ്വർഗ്ഗപ്രാപ്തിക്ക് ഒരു തടസ്സമായി മാറാതെ അവയെ വിവേകത്തോടെ കൈകാര്യം ചെയ്ത് സ്വർഗ്ഗം കരസ്ഥമാക്കാം. ഒപ്പം ഈ ഉപമ പറഞ്ഞുവയ്ക്കുന്ന മറ്റൊരു സൂചന, ജീവിതനവീകരണത്തിന് അസാധാരണമായ മാർഗ്ഗം ഉപയോഗിക്കാതെ ലഭ്യമായിരിക്കുന്ന ധാർമ്മിക നിർദ്ദേശങ്ങൾക്കനുസരിച്ച് ജീവിച്ച് രക്ഷ പ്രാപിക്കുക. അത്ഭുതങ്ങൾക്കുവേണ്ടി കാത്തുനിൽക്കാതെ നമുക്ക് ലഭിച്ചിരിക്കുന്ന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി രക്ഷ പ്രാപിക്കുക.

നാം അർപ്പിച്ചുകൊണ്ടിരിക്കുന്ന ഈ ദിവ്യബലി നമുക്കുവേണ്ടി ദൈവം ഒരുക്കിയ തിരുപ്പാഥേയമാണ്. സ്വർഗ്ഗീയ യാത്രയിൽ കരുത്തോടെ മുന്നേറാൻ ഈ ഭക്ഷണം നമ്മെ സഹായിക്കും. സ്വർഗ്ഗത്തോളം എത്തിനിൽക്കുന്ന ദൂരക്കാഴ്ചയുടെ ഉടമകളാകാൻ വിശുദ്ധ കുർബാനയാകുന്ന ദൂരദർശനിയിലൂടെ നോക്കിക്കാണാൻ സ്വർഗ്ഗീയാനുഭവത്തിന്റെ മുന്നാസ്വാദനമായി ഈ വിരുന്ന് ദൂരക്കാഴ്ചയുള്ളവരായി ജീവിക്കാൻ നമ്മെ സഹായിക്കും. ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ. ആമ്മേൻ.